കേരള കാർഷിക സർവ്വകലാശാല
കാർഷിക കോളേജ്, പടന്നക്കാട് പി.ഒ.,
കാസറഗോഡ് ജില്ല, പിൻ: 671314, കേരളം
ഫോൺ: 91 467 2282699, 91 467 2280616, ഫാക്സ്: 91 467 2284099,
E-mail: coapad@kau.in

മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

നം. ജി.2-4579/2021 തീയതി :.21.10.2021

# ദർഘാസ് പരസ്യം

പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാം(കരുവാച്ചേരി) യൂണിറ്റ്-2 ലെ വിവിധ ബ്ലോക്കുകളിൽ ഉഴവു ജോലിക്ക് താൽപര്യമുള്ള ട്രാക്ടർ ഡ്രൈവർമാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് ഉറപ്പിക്കുന്ന തീയ്യതി മുതൽ ഒരു വർഷത്തേക്കായിരിക്കും കാലാവധി.

ട്രാക്ടർ ഉപയോഗിച്ച് ഉഴവു ജോലി, ചരക്ക് കടത്ത് ജോലി എന്നിവ ചെയ്യുന്നതിന് ആവശ്യമായ ദിവസക്കൂലി എത്രയെന്ന് വെള്ളക്കടലാസിൽ എഴുതി ഒപ്പിട്ടു സീൽ ചെയ്ത കവറിൽ 5/11/2021 (വെള്ളിയാഴ്ച്ച) 3 മണിക്ക് മുമ്പായി ഡീൻ, കാർഷിക കോളേജ് പടന്നക്കാട് എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

ദർഘാസിനൊപ്പം 1500/- രൂപ നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്. കൃത്യസമയത്ത് കിട്ടിയ ദർഘാസുകൾ അതേദിവസം 3.30 മണിക്ക് തന്നെ തുറക്കുന്നതും ഏറ്റവും കുറഞ്ഞതും സ്വീകാര്യവുമായ നിരക്ക് അംഗീകരിക്കുന്നതുമായിരിക്കും.

അംഗീകരിക്കപ്പെട്ട ദർഘാസ് സമർപ്പിച്ച വ്യക്തി ഒരു വർഷം തുടർച്ചയായി സേവനം ലഭ്യമാക്കുന്നത് ഉറപ്പാക്കുന്നതിനായി 200 രൂപ മുദ്രപത്രത്തിൽ ഒരു സമ്മതപത്രം എഴുതി നൽകേണ്ടതാണ്. കൂടാതെ ഒരു വർഷത്തേക്കുള്ള മൊത്തം കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടക്കേണ്ടതാണ്. വിജയിയായ ദർഘാസുകാരൻ അറിയിപ്പ് ലഭിക്കുന്ന മുറക്ക് ജോലി ആരംഭിക്കേണ്ടതും സമയബന്ധിതമായി ഫാമിലെ ഉദ്യോഗസ്ഥൻമാർ നിഷ്കർഷിക്കുന്ന ജോലികൾ ഈ ഫാമിലുള്ള മറ്റ് വസ്തുവകകൾക്ക് ഒന്നും നഷ്ടം സംഭവിക്കാതെ ചെയ്തു തീർക്കേണ്ടതാണ്.

വരുമാനനികുതി ബാധകമാകുന്ന സാഹചര്യത്തിൽ നിലവിലുള്ള നിരക്ക് ഈടാക്കുന്നതായിരിക്കും. ജോലി ചെയ്തതിനുള്ള പ്രതിഫലം ബില്ലു തന്നാൽ ചെക്കായി/ഓൺലൈൻ ട്രാൻസ്ഫർ മുഖേന നൽകുന്നതായിരിക്കും.

താമസിച്ച് ലഭിച്ചതോ വ്യക്തമായ വിവരങ്ങൾ ഇല്ലാത്തതോ ആയ ദർഘാസുകൾ തിരസ്ക്കരിക്കുന്നതാണ്. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം വ്യക്തമാക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം കാർഷിക കോളജ് ഡീനിൽ നിക്ഷിപ്തമാണ്.

സർക്കാർ ദർഘാസിന്റെ/ലേലത്തിന്റെ പ്രസക്തമായ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്. ദർഘാസ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം 3 മണി വരെ ദർഘാസ സ്വീകരിക്കുന്നതും തുറന്ന് പരിശോധിക്കുന്നതുമാണ്.

മറ്റ് വിവരങ്ങൾ ഓഫീസ് പ്രവൃത്തിസമയത്ത് അന്വേഷിക്കാവുന്നതാണ്. ഫോൺ നമ്പർ : 0467 2280616, 0467 2281966 & 0467 2280358.

ഒപ്പ്

ഡോ. മിനി പി.കെ.
ഡീൻ

പകർപ്പ്:

1. നോട്ടീസ് ബോർഡ്, കോളേജ് ഓഫീസ്/IF-1/IF-2
2. ഓഫീസർ-ഇൻ-ചാർജ്ജ്, ഫാം IF-1/IF-2
3. വെബ്സൈറ്റ്

//അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ